**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3601** **12-03-2025 - ൽ മറുപടിയ്ക്ക്**

**കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കുറിച്ചി ടെക്നിക്കൽ സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് 10.01.2025 ലെ സ.ഉ.(സാധാ) നം.59/2025/HEDN പ്രകാരം തുക അനുവദിച്ചതിന് ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 10.01.2025 ലെ സ.ഉ.(സാധാ) നം.59/2025/HEDN പ്രകാരം കുറിച്ചി വില്ലേജിൽ ചങ്ങനാശ്ശേരി കോട്ടയം റോഡിൽ മന്ദിരം കവലയ്ക്ക് സമീപത്തായി കണ്ടെത്തിയ ബ്ലോക്ക് 01, 283/1, 283/1-1 റീസർവ്വേ നമ്പറുകളിൽപ്പെട്ട ശ്രീ. മനോജ് മാത്യൂ, ശ്രീ. ഷാജി മാത്യു എന്നിവരുടെ പേരുകളിലുള്ള 1.098 ഹെക്ടർ വിസ്തീർണ്ണമുള്ള സ്ഥലവും കെട്ടിടങ്ങളും കുറിച്ചി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി ഏറ്റെടുക്കുന്നതിന് 4202-02-103-99(P) എന്ന ശീർഷകത്തിൽ നിന്നും 6,58,58,000/- രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ, ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ? | (ബി) | 10.03.2025 - ലെ സ.ഉ.(സാധാ)നം.592/2025/RD ഉത്തരവ് പ്രകാരം കുറിച്ചി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ